**മഹാത്മാഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഒക്ടോബർ 27

# വാർത്താക്കുറിപ്പ്

---

## പി.ജി, ബി.എഡ് ഏകജാലക പ്രവേശനം 31 വരെ

മഹാത്മാ ഗാന്ധി സർവകലാശാലയിൽ 2022-23 അക്കാദമിക് വർഷത്തെ ബിരുദാനന്തര ബിരുദ, ബി.എഡ് ഏകജാലക പ്രവേശന നടപടികൾ ഒക്ടോബർ 31 വരെ നീട്ടി. ഒഴിവുള്ള മെറിറ്റ് സീറ്റുകളിലേക്ക് മൂന്നാം ഘട്ട റാങ്ക് ലിസ്റ്റിൽനിന്നാണ് പ്രവേശനം നൽകുക.

ഇതിനായി ഇന്ന്(ഒക്ടോബർ 28) വൈകുന്നേരം നാലുവരെ ഓൺലൈനിൽ ഓപ്ഷൻ നൽകാം. മൂന്നാം ഘട്ട റാങ്ക് ലിസ്റ്റ് 29ന് പ്രസിദ്ധീകരിക്കും. പ്രവേശനം 31ന് വൈകുന്നേരം നാലിന് അവസാനിക്കും.

റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നവർ കോളജുകളുമായി ബന്ധപ്പെട്ട് നിശ്ചിത തീയതിക്കുള്ളിൽ പ്രവേശനം നേടണം.

(പി.ആർ.ഒ./39/1534/2022)

## ഏകജാലകം; റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

എം.ജി. സർവകലാശാലയുടെ ബിരുദ, ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകളിലേക്കുള്ള ഏകജാലക പ്രവേശനത്തിന്റെ രണ്ടാം അന്തിമ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ലിസ്റ്റിൽ ഉൾപ്പെട്ടവർ കോളജുകളുമായി ബന്ധപ്പെട്ട് പ്രവേശന സാധ്യത മനസ്സിലാക്കി നിർദ്ദിഷ്ട സമയത്ത് ഹാജരായി പ്രവേശനം ഉറപ്പാക്കണം.

റാങ്ക് ലിസ്റ്റിലെ ക്രമപ്രകാരം തന്നെയാണ് പ്രവേശനവും. ലിസ്റ്റിൽ ഉൾപ്പെട്ടവർ നിശ്ചിത സമയത്ത് ഹാജരായില്ലെങ്കിൽ അടുത്ത റാങ്കിലുള്ളവരെ പ്രവേശനത്തിന് പരിഗണിക്കും. റാങ്ക് ലിസ്റ്റിലെ ക്രമം മറികടന്ന് പ്രവേശനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ സർവകലാശാലയുടെ ഏകജാലക സംവിധാനത്തിന്റെ ഇ- മെയിൽ വിലാസത്തിൽ രേഖാമൂലം പരാതി അയയ്ക്കാം

റാങ്ക് ലിസ്റ്റ് -2 പ്രകാരമുള്ള പ്രവേശന നടപടിക്രമങ്ങൾ ഒക്ടോബർ 31ന് വൈകുന്നേരം നാലിനു മുൻപ് പൂർത്തീകരിക്കണം.

(പി.ആർ.ഒ./39/1535/2022)

## സ്പോട്ട് അഡ്മിഷൻ നവംബർ രണ്ടിന്

സ്കൂൾ ഓഫ് പെഡഗോജിക്കൽ സയൻസസിൽ ഒക്ടോബർ 28 ന് നടത്താനിരുന്ന എം.എഡ് 2022-23 ബാച്ചിലേക്കുള്ള സ്പോട്ട് അഡ്മിഷൻ നവംബർ രണ്ടിലേക്ക് മാറ്റി. അപേക്ഷ നൽകിയവരുടെ റാങ്ക് ലിസ്റ്റും സെലക്ട് ലിസ്റ്റും ഒക്ടോബർ 28 ന് സർവകലാശാല വെബ്സൈറ്റിലും സ്കൂൾ ഓഫ് പെഡഗോജിക്കൽ സയൻസസിന്റെ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കും.

(പി.ആർ.ഒ./39/1536/2022)

## പരീക്ഷ 31 മുതൽ

അഫിലിയേറ്റഡ് കോളജുകളിലെ വിവിധ പഞ്ചവത്സര എൽ.എൽ.ബി. പ്രോഗ്രാമുകളുടെ എട്ടാം സെമസ്റ്റർ സപ്ലിമെൻററി പരീക്ഷകൾ ഒക്ടോബർ 31 ന് ആരംഭിക്കും. വിശദമായ ടൈം ടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1537/2022)

## ടൈം ടേബിൾ പരിഷ്ക്കരിച്ചു

ഒന്നാം സെമസ്റ്റർ ബി.വോക് ബ്രോഡ്കാസ്റ്റിംഗ് ആൻറ് ജേണലിസം (2016 മുതൽ 2018 വരെ അഡ്മിഷൻ സപ്ലിമെൻററി, 2014,2015 അഡ്മിഷൻ മെഴ്സി ചാൻസ്, പഴയ സ്കീം) പരീക്ഷയോടൊപ്പം കമ്മ്യൂണിക്കേഷൻ ആൻറ് മീഡിയ പേപ്പർ കൂടി ഉൾപ്പെടുത്തി ടൈം ടേബിൾ പരിഷ്കരിച്ചു. നവംബർ ഒൻപതിനാണ് പരീക്ഷ.

(പി.ആർ.ഒ./39/1538/2022)

## അപേക്ഷാ തീയതി നീട്ടി

അഫിലിയേറ്റഡ് കോളേജുകളിലെ ഒന്നാം സെമസ്റ്റർ എം.എസ്.സി. ഡാറ്റാ അനലിറ്റിക്സ് (സി.എസ്.എസ്. - 2020 അഡ്മിഷൻ സപ്ലിമെന്ററി) ബിരുദ പരീക്ഷകൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയ പരിധി നീട്ടി. പിഴ കൂടാതെ ഒക്ടോബർ 31 വരെയും പിഴയോടു കൂടി നവംബർ ഒന്നിനും സൂപ്പർഫൈനോടു കൂടി നവംബർ രണ്ടിനും അപേക്ഷിക്കാം. വീണ്ടും എഴുതുന്ന വിദ്യാർഥികൾ പരീക്ഷാഫീസിനു പുറമേ പേപ്പറൊന്നിന് 50 രൂപ നിരക്കിൽ (പരമാവധി 300 രൂപ) സി.വി. ക്യാമ്പ് ഫീസ് അടയ്ക്കണം.

(പി.ആർ.ഒ./39/1539/2022)

## വൈവ വോസി

നാലാം സെമസ്റ്റർ എം.എ ഇംഗ്ലീഷ് (2018, 2017, 2016 അഡ്മിഷനുകൾ സപ്ലിമെന്ററി, 2015, 2014 അഡ്മിഷനുകൾ മെഴ്സി ചാൻസ് മാർച്ച് 2022) പ്രൈവറ്റ് ബിരുദ പരീക്ഷയുടെ വൈവ വോസി പരീക്ഷ നവംബർ ഒന്നിന് കോട്ടയം ബസേലിയോസ് കോളേജിൽ നടക്കും.

ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1540/2022)

## പരീക്ഷാ ഫലം

ഈ വർഷം മാർച്ചിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.സി.എ. (റെഗുലറും സപ്ലിമെന്ററിയും) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് നവംബർ 10ന് മുൻപ് പരീക്ഷാ കൺട്രോളറുടെ ഓഫീസിൽ അപേക്ഷ നൽകണം.

.......................................

രണ്ടാം സെമസ്റ്റർ എം.എസ്.സി. സൈക്കോളജി (റഗുലർ,സപ്ലിമെന്ററി,ഇംപ്രൂവ്മെന്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് നവംബർ 10 വരെ ഓൺലൈനിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ./39/1541/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**